**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1843** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>ഭിന്നശേഷിക്കാരുടെ പെൻഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മോൻസ് ജോസഫ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നതിനാൽ ഭാഗിക വരുമാനം ഉള്ള ഭിന്നശേഷിക്കാർക്ക് പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 394244 പേർക്ക് ഭിന്നശേഷി സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ച് വരുന്നു. ഏറ്റവും അർഹരായ എല്ലാ വ്യക്തികൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ ഉറപ്പുവരുത്തുന്നതിനും അനർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുമായാണ് വരുമാനപരിധി നിശ്ചയിച്ചിട്ടുള്ളത്. വിവിധ സാമൂഹിക സുരക്ഷ പെൻഷനുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയും ഇവയ്ക്കാവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തു വരുന്നു. നടപ്പ് സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ പെൻഷൻ തുക പ്രതിമാസം 2000 രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്

**(ബി)** വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, മരുന്ന് ചെലവ്, ചികിത്സാ ചെലവ് എന്നിവ കണക്കിലെടുത്ത് വരുമാന പരിധി പുനഃപരിശോധിക്കേണ്ടതുണ്ടെന്ന ആവശ്യം വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കാമോ;

**<u>മറുപടി:</u>** വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയും ഇവയ്ക്കാവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തു വരുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷ പെൻഷൻ തുക പ്രതിമാസം 2000 രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്

**(സി)** കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ചെറിയ വരുമാനം കൂടി കണക്കിലെടുത്ത് ഭിന്നശേഷിക്കാരെ പെൻഷൻ അർഹതയിൽ നിന്ന് ഒഴിവാക്കുന്നത് സാമൂഹ്യനീതിയ്ക്ക് വിരുദ്ധമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായത്താൽ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകൾ നൽകുന്നതിനും ആയതിന്റെ വിതരണത്തിനായുള്ള ഇൻസെന്റീവ് നൽകുന്നതിനുമുൾപ്പെടെ 1050 കോടി രൂപ പ്രതിമാസം സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനാൽത്തന്നെ അർഹരായവർക്ക് മാത്രം പെൻഷനുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായാണ് സാമൂഹ്യ സുരക്ഷ പെൻഷൻ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

23.09.2020 ലെ GO(Ms)No. 97/2020/Fin ഉത്തരവ് (അനുബന്ധം 1) പ്രകാരം ഭിന്നശേഷി പെൻഷൻ ഉൾ

| |
|---|
| (സി) സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായത്താൽ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകൾ നൽകുന്നതിനും ആയതിന്റെ വിതരണത്തിനായുള്ള ഇൻസെന്റീവ് നൽകുന്നതിനുമുൾപ്പെടെ 1050 കോടി രൂപ പ്രതിമാസം സർക്കാർ അനുവദിക്കുന്നുണ്ട്. ആയതിനാൽത്തന്നെ അർഹരായവർക്ക് മാത്രം പെൻഷനുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായാണ് സാമൂഹ്യ സുരക്ഷ പെൻഷൻ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. 23.09.2020 ലെ GO(Ms)No. 97/2020/Fin ഉത്തരവ് (അനുബന്ധം 1) പ്രകാരം ഭിന്നശേഷി പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>01.04.2012 മുതൽ 31.03.2017 വരെ ഭിന്നശേഷിയുടെ തോതനുസരിച്ച് പെൻഷൻ തുകയിൽ വ്യത്യാസമുണ്ടായിരുന്നുവെങ്കിലും, 03.02.2021-ലെ സ.ഉ(എം.എസ്) നം.16/2021/ധന പ്രകാരം (അനുബന്ധം 2) എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഏകീകരിച്ച 1600/- രൂപ എന്ന നിരക്കിലാക്കുകയും 30.10.2025 ലെ സ.ഉ.(അച്ചടി) നം. 136/2025/ധന ഉത്തരവ് പ്രകാരം (അനുബന്ധം 3) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ/സർക്കസ്/അവശ കലാകാര പെൻഷനുകൾ എന്നിവ 2025 നവംബർ പ്രാബല്യത്തിൽ 1600 രൂപയിൽ നിന്നും പ്രതിമാസം 2000/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. അതായത്, ഭിന്നശേഷിയുടെ തോതനുസരിച്ച് ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ ഗുണഭോക്താക്കൾക്ക് 300/- രൂപ നിരക്കിൽ കേന്ദ്രസർക്കാർ അനുവദിക്കുന്ന കേന്ദ്ര സഹായത്തോടൊപ്പം 1700/- രൂപ കൂടി അധികമായി അനുവദിച്ച് 2000/- രൂപ എന്ന ഏകീകൃത നിരക്കിലാണ് നിലവിൽ നൽകി വരുന്നത്.<br><br>കൂടാതെ GO(Ms) No. 97/2020/Fin dated 23.09.2020 പ്രകാരം (അനുബന്ധം 1) ഭിന്നശേഷിക്കാരായ വ്യക്തിക്ക് ഭിന്നശേഷി പെൻഷന് പുറമേ മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ /ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാനും അർഹതയുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിന് ഭിന്നശേഷിക്കാരുടെ വ്യക്തിഗത വരുമാനം മാനദണ്ഡമാക്കാവുന്നതാണോ എന്ന വിഷയം പരിശോധിച്ച് വരുന്നുണ്ട്.<br><br>സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കു പുറമേ സാമൂഹ്യനീതി വകുപ്പ് വഴി മറ്റു സഹായ പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |

**(ഡി)** വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഭിന്നശേഷിയുടെ ശതമാനത്തെ അടിസ്ഥാനമാക്കി പെൻഷൻ അർഹത പുനർനിർവചിക്കുകയോ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 80%-ൽ കൂടുതൽ ഭിന്നശേഷിയുള്ളവർക്ക് അധികതുക ഉൾപ്പെടുത്തി പെൻഷൻ നൽകുന്നത് സംബന്ധിച്ചും, ഭിന്നശേഷിക്കാരുടെ വ്യക്തിഗത വരുമാനം മാനദണ്ഡമാക്കി ഭിന്നശേഷി പെൻഷൻ അനുവദിക്കുന്ന വിഷയവും പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**